# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **4804** **27/6/2014** ൽ മറുപടിയ്ക്ക്

## ജാതിയ്ക്കയുടെ വിലയിടിവ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസ് തെറ്റയിൽ | **ശ്രീ. കെ.പി. മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) ജാതിയ്ക്കയുടെ വിലയിടിവ് നിമിത്തം ജാതി കർഷകർ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ജാതിക്കയുടെ വില 2014 ജനുവരി മാസത്തെ അപേക്ഷിച്ച് 2014 മേയ് മാസത്തിൽ ഗണ്യമായി കുറഞ്ഞിട്ടുണ്ട്. ജാതിക്കായുടെ (തൊണ്ടോടു കൂടിയത്) 2014 ജനുവരിയിലെ വില കിലോഗ്രാമിന് 375 രൂപയായിരുന്നത് മേയ് മാസത്തിൽ 67 രൂപ കുറഞ്ഞ് 308 രൂപയായി. ജാതിക്കായുടെ (തൊണ്ടില്ലാതെ) 2014 ജനുവരി മാസത്തെ വിലയായ 640 രൂപയിൽ നിന്ന് 83 രൂപ കുറഞ്ഞ് 557 രൂപയെന്നതാണ് മേയ് മാസത്തെ വില. ജാതിപത്രിയുടെ (ചുവപ്പ്) വില 2014 ജനുവരിയിൽ 850 രൂപയായിരുന്നത് 50 രൂപ കുറഞ്ഞ് 800 രൂപയായി. |
| (ബി) എങ്കിൽ ഇതു പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ബി) ജാതിക്കയുടെ വിലയിടിവ് പരിഹരിക്കാൻ നിലവിൽ പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ